**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 645 — 29/06/2015-ൽ മറുപടിക്ക്

## വയനാട്ടിലെ കുരങ്ങുപനി ബാധിച്ച ആദിവാസികൾക്ക് ദുരിതാശ്വാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വയനാട്ടിൽ കുരങ്ങുപനി ബാധിച്ച മരണമടഞ്ഞ ആദിവാസികളുടെ എണ്ണം എത്ര ; | (എ) | വയനാട്ടിൽ കുരങ്ങുപനി ബാധിച്ച 7 പേർ മരണമടഞ്ഞിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലകളിൽ രോഗബാധ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (ബി) | കുരങ്ങുപനി ബാധിത മേഖലകളിൽ നിന്നും പനി ബാധിതരെ ആശുപത്രിയിൽ എത്തിക്കുന്നതിന് 24 മണിക്കൂറും ആംബുലൻസിന്റെ സേവനം ലഭ്യമാക്കി. രോഗബാധിതമേഖലയിലേക്ക് എസ്.റ്റി. പ്രൊമോട്ടർമാരെ പ്രത്യേകമായി നിയമിച്ചു. കുരങ്ങുപനി ബാധിച്ച് ചികിത്സയിൽ കഴിയുന്ന കോളനിയിലുള്ളവർ കാട്ടിൽ ഉപജീവനത്തിന് പോകാതിരിക്കുന്നതിനായി 560 പേർക്ക് മാസം 45 കി.ഗ്രാം അരി, 3 കി.ഗ്രാം കടല, 3 കി.ഗ്രാം ചെറുപയർ, 1½ ലിറ്റർ വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച് വീട്ടിൽ കിടക്കുന്നവർക്ക് 2 ഏത്തപ്പഴം, 1 മുട്ട, 250 ml തിളപ്പിച്ച പാൽ എന്നിവയും നൽകിയിട്ടുണ്ട്. കുരങ്ങുപനി പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടെ നിൽക്കുന്നവർക്ക് 200/- രൂപാ വീതം നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ ജില്ലാ മെഡിക്കൽ ഓഫീസർക്കും, കൂടാതെ വനമേഖലയിൽ കാലികളെ പരിചരിക്കുന്നവർക്ക് കാലികളിൽ നിന്നും രോഗം പകരാതിരിക്കാൻ കാലികളുടെ മേൽ പുരട്ടുന്നതിനുള്ള ലോഷൻ (ഫ്ലുമിത്തിൻ, ബൈറ്റിക്കോൾ) വാങ്ങി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനും മറ്റുമായി 9 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിനും കൈമാറിയിട്ടുണ്ട്. |
| (സി) | രോഗംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും രോഗബാധിതർക്കും ധനസഹായം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (സി) | ഉണ്ട്, കെ.എഫ്.ഡി. മൂലം മരണപ്പെട്ട 7 പേരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. രോഗബാധിതരായ 93 പേർക്ക് 10,000/- രൂപാ വീതം ആകെ 9,30,000/- രൂപയും നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ